# പതിമൂന്നാം കേരള നിയമസഭ

## (പതിനഞ്ചാം സമ്മേളനം)

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ: 3663 17/12/2015-ൽ മറുപടിയ്ക്ക്**

**<u>കല്ലോലി ഭാഗം കോളനി, തങ്കശ്ശേരി നിർമ്മിതി കോളനി എന്നിവയുടെ നവീകരണം</u>**

| ചോദ്യം | മറുപടി |
| --- | --- |
| ശ്രീ. പി. കെ. ഗുരുദാസൻ: | ശ്രീ. കെ. ബാബു (മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പ് മന്ത്രി): |
| എ) മത്സ്യത്തൊഴിലാളികൾ വസിക്കുന്ന കല്ലോലി ഭാഗം കോളനി നവീകരിക്കുന്നതിന് സ്വീകരിച്ച നടപടി എന്തെല്ലാമാണെന്ന് വിശദമാക്കുമോ; | എ) മത്സ്യത്തൊഴിലാളികൾ വസിക്കുന്ന കല്ലോലിഭാഗം കോളനി നവീകരിക്കുന്നതിന് 13-ാം ധനകാര്യ കമ്മീഷൻ ശുപാർശ പ്രകാരം നടപ്പിലാക്കുന്ന ഫിഷർമെൻ കോളനി പുനരുദ്ധാരണ പദ്ധതിയിലുൾപ്പെടുത്തി ഫിഷറീസ് വകുപ്പ് ഭവന നിർമ്മാണത്തിനും ഭവന പുനരുദ്ധാരണത്തിനുമായി പദ്ധതി തയ്യാറാക്കുകയും ഇതിൻപ്രകാരം 23 പേർക്ക് ഭവന പുനരുദ്ധാരണത്തിന് 50,000/- രൂപ വീതവും, 15പേർക്ക് ഭവന നിർമ്മാണത്തിന് 2 ലക്ഷം രൂപ വീതവും അനുവദിച്ച് നൽകിയിട്ടുണ്ട്.<br><br>കേരള സംസ്ഥാന തീരദേശ വികസന കോർപ്പറേഷൻ മുഖേന 13-ാം ധനകാര്യ കമ്മീഷൻ ശുപാർശ പ്രകാരം നടപ്പിലാക്കുന്ന ഫിഷർമെൻ കോളനി പുനരുദ്ധാരണ പദ്ധതിയിലുൾപ്പെടുത്തി കല്ലേലിവയൽ കോളനി റോഡ് റീടാറിംഗിന് 21.00 ലക്ഷം രൂപയുടേയും അംഗൻവാടി നിർമ്മാണത്തിന് 20.00 ലക്ഷം രൂപയുടേയും ഭരണാനുമതി നൽകുകയും പദ്ധതികൾ പൂർത്തീകരിക്കുകയും ചെയ്തു. |
| ബി) 3408/വി.ഐ.പി./സി.എം തീയതി 21.05.15 എന്ന നമ്പരിൽ ബഹു. മുഖ്യമന്ത്രി ബഹു. ഫിഷറീസ് വകുപ്പ് മന്ത്രിക്ക് നൽകിയ കത്തിന്റെ അടിസ്ഥാനത്തിൽ സ്വീകരിച്ച നടപടി വിശദമാക്കുമോ: | ബി) കൊല്ലം ജില്ലയിലെ കല്ലോലിഭാഗം കോളനിയിൽ ആകെ 110 വീടുകളാണ് ഉള്ളത്. ഇതിൽ 56 വീടുകൾ 4 വീടുകൾ ചേരുന്ന ഒറ്റ ബ്ലോക്കുകളായും 20 വീടുകൾ ഒറ്റവരിയിലായുള്ള ലയിൻ വീടുകളായും ബാക്കിയുള്ള 34 വീടുകൾ ഒറ്റ വീടുകളായും സ്ഥിതി ചെയ്യുന്നു. ഒറ്റ വീടുകളിൽ ചിലത് ഉടമസ്ഥർ തന്നെ പുതിക്കിപ്പണിതിട്ടുണ്ട്.<br><br>ടി കോളനിയിൽ മത്സ്യത്തൊഴിലാളി അംഗത്വം ഉള്ളവരും അനുബന്ധ മത്സ്യത്തൊഴിലാളി അംഗത്വം ഉള്ളവരും മത്സ്യത്തൊഴിലാളികൾ അല്ലാത്തവരും |

| | | | |
|---|---|---|---|
| | | | ഉൾപ്പെട്ടതാണ്. കോളനി നവീകരിക്കുന്നതിന്റെ ഭാഗമായി ഭവന പുനരുദ്ധാരണത്തിനും ഭവന നിർമ്മാണത്തിനുമായി ധനസഹായം അനുവദിക്കുന്നതിന് അപേക്ഷ ക്ഷണിക്കുകയും ,അതിൻപ്രകാരം ഭവന നിർമ്മാണത്തിന് 15 പേരും ഭവന പുനരുദ്ധാരണത്തിന് 23 പേരും അപേക്ഷ സമർപ്പിക്കുകയും ചെയ്തിരുന്നു. ഇവർക്ക് യഥാക്രമം 2,00,000/-, 50,000/- രൂപ നിരക്കിൽ ധനസഹായം അനുവദിക്കുകയും ടി തുക വിനിയോഗിച്ച് നിർമ്മാണ പ്രവർത്തനങ്ങൾ നടത്തിയിട്ടുള്ളതുമാണ്. അപേക്ഷിച്ചവർക്ക് പൂർണ്ണമായും ആനുകൂല്യം അനുവദിച്ച് നൽകിയിട്ടുണ്ട്.<br><br>ശോച്യാവസ്ഥയിലായ ടി കോളനിയിലെ 4 വീടുകൾ ചേരുന്ന 56 വീടുകളുടെ ഒറ്റ ബ്ലോക്ക് (ഫ്ളാറ്റുകൾ) പുനരുദ്ധാരത്തിനായി ആവശ്യമുയർന്നെങ്കിലും നിശ്ചിത തുക (ഒരു വീടിന് രണ്ട് ലക്ഷം എന്ന നിരക്കിൽ ) വിനിയോഗിച്ച് നിർമ്മാണം പൂർത്തിയാക്കാൻ കഴിയാത്തതിനാൽ പുനരുദ്ധാരണത്തിന് പരിഗണിച്ചിരുന്നില്ല. |
| സി) | മത്സ്യത്തൊഴിലാളികൾ വസിക്കുന്ന തകർച്ചയിലായ തങ്കശ്ശേരി നിർമ്മിതി കോളനി പുനർനിർമ്മിക്കുന്നതിനുള്ള അടിയന്തര നടപടികൾ സ്വീകരിക്കുമോ? | സി) | 25 വർഷം മുമ്പ് സർക്കാരിന്റെയും സഭയുടെയും ആഭിമുഖ്യത്തിൽ നിർമ്മിച്ചു നൽകിയ 103 വീടുകൾ ഉൾപ്പെടെ തങ്കശ്ശേരി നിർമ്മിതി കോളനി നിലവിൽ തകർച്ചയിലാണ്. ഫണ്ടിന്റെ ലഭ്യതയനുസരിച്ച് നടപടി സ്വീകരിക്കുന്നതാണ്. |

**സെക്ഷൻ ഓഫീസർ**